# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3756 20.06.2019-ൽ മറുപടിക്ക്

## കാട്ടാക്കട മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ സംരക്ഷണം

**ചോദ്യം**

ശ്രീ.ഐ.ബി. സതീഷ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കാട്ടാക്കട മണ്ഡലത്തിലെ അരുവിക്കര ക്ഷേത്രത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ മാറനല്ലൂർ വില്ലേജിലെ അരുവിക്കര ക്ഷേത്രങ്ങൾ ഉൾപ്പെടുന്ന 25 സെന്റ് ഭൂപ്രദേശം 1967 ൽ പുരാവസ്തുവകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. മൂന്ന് ശ്രീകോവിലുകൾ ഉൾപ്പെടുന്ന ടി ക്ഷേത്ര സമുച്ചയത്തിന്റെ സമഗ്ര സംരക്ഷണ പ്രവർത്തികൾ പുരാവസ്തുവകുപ്പ് നിർവ്വഹിച്ചു വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2017-18 ൽ 40,00,000/- (നാൽപ്പത് ലക്ഷം രൂപ മാത്രം) രൂപയുടെ സമഗ്ര സംരക്ഷണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| (ബി) | കാട്ടാക്കട മണ്ഡലത്തിലെ കുവളശേരി ക്ഷേത്രം, വകുപ്പിന് കീഴിൽ സംരക്ഷിക്കപ്പെടേണ്ടതു സംബന്ധിച്ച നിവേദനം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ തുടർ നടപടി വിശദമാക്കാമോ? | (ബി) | കാട്ടാക്കട മണ്ഡലത്തിലെ കുവളശ്ശേരി ശ്രീമഹാദേവ ക്ഷേത്രം സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബഹു.കാട്ടാക്കട എം.എൽ.എ നൽകിയ ഒരു നിവേദനം വകുപ്പിൽ പരിശോധിച്ചുവരുന്നു. പുരാവസ്തു പ്രാധാന്യം പരിശോധിച്ച് വകുപ്പ് ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ